**<u>അടിയന്തരപ്രമേയം</u>**

## <u>നാളികേര വിലയിടിവ്</u>

<u>മി. സ്പീക്കർ</u>: ക്രൂഡ് പാം ഓയിൽ, റിഫൈൻഡ് പാം ഓയിൽ എന്നിവയെ ആസിയൻ-ഇന്ത്യാ സ്വതന്ത്ര വ്യാപാരകരാർ പ്രകാരം സ്പെഷ്യൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയതും ഇറക്കുമതി ചുങ്കം കുറയ്ക്കുവാൻ തീരുമാനിച്ചതും കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വെളിച്ചെണ്ണയും കൊപ്രയും ഇറക്കുമതി ചെയ്യുതുമൂലം നാളികേരത്തിന്റെ വില കുത്തനെ കുറയുകയും കർഷകർ പ്രതിസന്ധിയിലായിരിക്കുന്നതുമായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. വി. വിജയദാസ്, വി.എസ്. സുനിൽ കുമാർ, സി. കെ. നാണു, എ.കെ.ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): സർ, നാളികേരത്തിന് ഏറ്റവും കുറഞ്ഞ വിലയുണ്ടായിരുന്നത് 2009-2010 കാലഘട്ടത്തിലായിരുന്നു. മൂന്നര

രൂപയായിരുന്ന ഒരു നാളികേരത്തിന്റെ വില. എല്ലാ വർഷവും ജൂൺ -ജൂലൈ മാസങ്ങളിലാണ് ഈ രീതിയിൽ വില കുറയുന്നത്. 2009-ൽ 3 രൂപ 62 പൈസയും 2010-ൽ 4 രൂപ 94 പൈസയും ആയിരുന്നത് 2011-ൽ 8 രൂപ 53 പൈസയായി ഉയർന്നു. പക്ഷേ 2012-ൽ അത് വീണ്ടും കുറഞ്ഞ് 6 രൂപയായി. 2013-ൽ 6 രൂപയായി തുടരുന്നത് കണ്ടുകൊണ്ടാണ് കേരളത്തിലുള്ള കൊപ്ര സംഭരണ സൊസൈറ്റികൾ മുഖാന്തിരം ഇത് സംഭരിക്കണമെന്നുപറഞ്ഞുകൊണ്ട് നിർദ്ദേശങ്ങളും യോഗങ്ങളും വിളിച്ചുചേർത്തത്. പക്ഷേ അതിന് കൊപ്ര സംഭരണ സൊസൈറ്റികളൊന്നും മുന്നോട്ടുവന്നില്ല. ഒരു ചാക്കിന് 500 രൂപ ഉൾക്കൂലിയായി കൊടുത്തപ്പോഴും അതേ സ്ഥിതിതന്നെയായിരുന്നു. അപ്പോഴാണ് കേരഫെഡ് മുഖാന്തിരം കൃഷിഭവനിലൂടെ പച്ചത്തേങ്ങ സംഭരിക്കാനുള്ള ധീരമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്. 2013 ജനുവരി 1-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചതിനുശേഷം...... കിലോയ്ക്ക് 12 രൂപയായിരുന്ന പച്ചത്തേങ്ങയുടെ വില പെട്ടെന്ന് കൂടിക്കൂടിവരികയും ഒരു വർഷംകൊണ്ട് ഏകദേശം 28 രൂപയിലേയ്ക്കെത്തുകയും ചെയ്തു. 2014 വരെ 32 രൂപയായിരുന്നു.

പൊതുവിപണിയിൽ 32 രൂപ വിലയുണ്ടായിരുന്ന സമയത്ത് കൃഷിഭവൻ മുഖാന്തിരം 28 രൂപയ്ക്ക് സംഭരിക്കാൻ തുടങ്ങി. നാളികേരത്തിന്റെ ഈ വിലവർദ്ധനവ് പൊതുവിപണിയിലും പ്രതിഫലിച്ചു. ഇപ്രകാരം വിലത്തകർച്ചമൂലമുള്ള നാളികേര കർഷകരുടെ പ്രതിസന്ധിക്ക് പരിഹാരം കാണുവാനും സർക്കാരിന് സാധിച്ചു. കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയത്തിന്റെ പരിണിതഫലമായുള്ള വെളിച്ചെണ്ണയുടേയും കൊപ്രയുടേയും ഇറക്കുമതിമൂലം പൊതുവിപണിയിൽ നാളികേരവില കുത്തനെ ഇടിയുകയും കിലോയ്ക്ക് 15 രൂപ മുതൽ 18 രൂപവരെയായിത്തീരുകയുംചെയ്തു. ഈ കനത്ത വിലയിടിവ് പിടിച്ചുനിർത്താനായി സർക്കാർ ഇപ്പോഴും കൃഷിഭവൻ വഴി കിലോയ്ക്ക് 25 രൂപാ നിരക്കിൽ പച്ചത്തേങ്ങ സംഭരണ പദ്ധതി തുടരുകയാണ്. ഇതിലൂടെ പൊതുവിപണിയിൽ സ്വാഭാവികമായുണ്ടായ വിലത്തകർച്ചയുടെ രൂക്ഷത അധികമായി ബാധിക്കുന്നതിൽനിന്നും കേരകർഷകരെ രക്ഷിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരഫെഡ് സംഭരിക്കുന്ന നാളികേരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കിമാറ്റി ലാഭമുണ്ടാക്കിയാണ് കേരകർഷകർക്ക് ഉയർന്ന വില നൽകുന്നത്. ഈ മേഖലയിൽ കൂടുതൽ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് ഫലപ്രദമായ മാർക്കറ്റിംഗിലൂടെ

ലാഭകരമാക്കി, നാളികേര കർഷകർക്ക് മികച്ച വില നൽകി സംരക്ഷിക്കാനുള്ള തീവ്രശ്രമങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കൃഷിഭവൻ മുഖാന്തിരം 25 രൂപവച്ചുതന്നെ സംഭരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുവിപണിയിൽ കൊടുക്കാതെ കൃഷിഭവൻ മുഖാന്തിരം നാളികേരം കൊടുത്താൽ സർക്കാരിന് മാത്രമല്ല നാളികേര കർഷകനും ലാഭമുണ്ടാകും. വില ഇനിയും ഉയരാൻ സാദ്ധ്യതയുണ്ട്. ഈ മാസം കഴിഞ്ഞാൽ എന്തായാലും നാളികേരത്തിന്റെ വില ഉയരുമെന്ന കാര്യത്തിൽ സംശയമില്ല. 30 രൂപയിലേയ്ക്കുതന്നെ എത്തുമെന്നാണ് കണക്കാക്കുന്നത്. അതുകൊണ്ട് നാളികേര കർഷകരെ ഇത് വലുതായി ബാധിക്കുന്നില്ല. നാളികേരത്തിന്റെ വിലത്തകർച്ചയുടെ ഗൗരവം ചൂണ്ടിക്കാണിച്ചുകൊണ്ട് മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ പത്രങ്ങൾ എഴുതിയിട്ടുണ്ട്. 'തെങ്ങുകൃഷി തകരരുത് ' എന്ന തലക്കെട്ടോടുകൂടി 'ദീപിക' പത്രവും മുഖപ്രസംഗം പ്രസിദ്ധീകരിച്ചിരുന്നു. സർക്കാർ ഇതിനെ വളരെ ഗൗർവത്തോടുകൂടിത്തന്നെയാണ് കാണുന്നത്. നാളികേര കർഷകരെ സംരക്ഷിക്കാനും കൂടുതൽ വില നൽകാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അത് നൽകുമെന്ന് ഉറപ്പുനൽകുകയാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ മറുപടി വസ്തുതകൾക്ക് വിരുദ്ധമാണ്. 40 ലക്ഷത്തോളം വരുന്ന നാളികേര കർഷകരുടെ വികാരങ്ങൾക്ക് മുറിവേൽപ്പിക്കുന്നതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പ്രതിപക്ഷം ഒറ്റക്കെട്ടായി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. യഥാർത്ഥത്തിൽ നാളികേര കൃഷിക്കാരെ പടുകുഴിയിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ് യു.ഡി.എഫ്. ഗവൺമെന്റ്. 'കൃഷിയുടെ ഐശ്വര്യവും കർഷകന്റെ ക്ഷേമവും കാർഷിക രംഗത്തിന്റെ വളർച്ചയ്ക്ക് മുഖ്യഘടകമാണ് '- ഇത് ഞങ്ങൾ പറഞ്ഞതല്ല. കാർഷിക നയം രൂപീകരിക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് നിയോഗിച്ച ഉപസമിതിയുടേതാണ് ഈ വാക്കുകൾ. കർഷകന് ക്ഷേമമുണ്ടോ; എവിടെയാണ് ക്ഷേമം; കൃഷിക്ക് ഐശ്വര്യമുണ്ടോ; എവിടെയാണ് ഐശ്വര്യം; നിങ്ങൾ പറയണം, 'കേരം തിങ്ങും കേരള നാട് ' എന്നാണ് നമ്മുടെ സംസ്ഥാനം അറിയപ്പെടുന്നത്. 'കേരം' എന്ന വാക്കിൽനിന്നാണ് കേരളം എന്ന വാക്കുപോലുമുണ്ടായത്. 8 ലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന 18 കോടി നാളികേര വൃക്ഷങ്ങളെ ആശ്രയിക്കുന്ന 40 ലക്ഷത്തോളം കർഷകർ ഇന്ന് കണ്ണീരിലും ആത്മഹത്യാമുനമ്പിലുമാണ്. കാരണം ഒരു കിലോ

നാളികേരത്തിന് 40 രൂപ ലഭിച്ചിരുന്നത് 17 രൂപയായി കുറഞ്ഞു. ഒരു തേങ്ങയ്ക്ക് 7 രൂപയാണ് ഇപ്പോൾ ലഭിക്കുന്നത്. ഒരു വലിയ തേങ്ങ കൊടുത്താൽ ഒരു ചെറിയ കോഴിമുട്ട കിട്ടും എന്നതാണ് ഇന്നത്തെ സ്ഥിതി. ഒരു തേങ്ങ വിറ്റാൽ ഒരു ഗ്ലാസ് ചായ കുടിക്കാൻ പറ്റുമോ; ഒരു ഗ്ലാസ് ചായയുടെ വില 8 രൂപയാണ്. ഈ യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചുകൊണ്ടല്ലേ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു കുഴപ്പവുമില്ല, 25 രൂപ കിട്ടുന്നുണ്ട് എന്ന വസ്തുതകൾക്ക് നിരക്കാത്ത കാര്യം ഇവിടെ എഴുന്നള്ളിച്ചത്, അത് തിരുത്തണം. നാളികേര ഉൽപ്പാദനം കുറഞ്ഞുവരുന്ന കാലഘട്ടമാണ്. കേരളത്തിൽ നാളികേര ഉൽപ്പാദനം 17.48 ശതമാനവും ആന്ധ്രാപ്രദേശിൽ 53.88 ശതമാനവും കുറവുണ്ടായി. നാളികേരം ഉപയോഗിച്ചുള്ള ഉപോൽപ്പന്നങ്ങളുടെ ഉൽപ്പാദനം താരതമ്യേന വർദ്ധിച്ച കാലഘട്ടമാണ്. സംസ്കരിച്ച തേങ്ങാപ്പൊടി, തേങ്ങാപ്പാൽ, പാൽപ്പൊടി, ചിപ്സ്, നീര, വെർജിൻ കോക്കനട്ട് ഓയിൽ, സംസ്കരിച്ച കരിക്കിൻവെള്ളം തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആഭ്യന്തര വിപണിയിലും വിദേശ വിപണിയിലും ധാരാളം പ്രചാരമായി. ഇത് നാളികേരത്തിന്റെ ആവശ്യകത കൂട്ടുന്ന ഘടകമാണ്. എന്നിട്ടും എന്തേ നാളികേരത്തിന്റെ വില കുറഞ്ഞത് എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയംമൂലമാണത്.

ഇന്തോനേഷ്യ, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങളിൽനിന്നും വെളിച്ചെണ്ണ, കൊപ്ര, തേങ്ങാപ്പിണ്ണാക്ക് എന്നിവ ഇറക്കുമതി ചെയ്യുന്നു. അതിനുപുറമെ എസ്.റ്റി.സി. മുഖേനയല്ലാതെ സ്വകാര്യവ്യക്തികൾക്കും വെളിച്ചെണ്ണയും കൊപ്രയും പിണ്ണാക്കും ഇറക്കുമതി ചെയ്യാനുള്ള അനുമതി കേന്ദ്രസർക്കാർ കൊടുത്തുകഴിഞ്ഞു. തൂത്തുക്കുടിവഴി ശ്രീലങ്കയിൽനിന്ന് ഇവിടെ ഇറക്കുമതി ചെയ്യുന്നു. ഫിലിപ്പൈൻസിൽനിന്ന് കൊച്ചിയിലേയ്ക്ക് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നു. അതിന്റെ ഫലമായി ഒരു കിലോയ്ക്ക് 40 രൂപയുണ്ടായിരുന്ന നാളികേരം ഇപ്പോൾ 17 രൂപയിലേയ്ക്ക് മൂക്കുകുത്തി താഴേയ്ക്കുപോയി. ഈ ഇറക്കുമതി നയം തിരുത്തിക്കുറിയ്ക്കാൻ നിങ്ങൾ എന്തെങ്കിലും മറുപടി നൽകിയോ; ബഹുമാനപ്പെട്ട മന്ത്രി ഇറക്കുമതി എന്നൊരു വാക്ക് ഇവിടെ പറഞ്ഞോ; മനോരമ, മാതൃഭൂമി, ദീപിക തുടങ്ങിയ എല്ലാ പത്രങ്ങളിലും വിദേശങ്ങളിൽനിന്നും വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നതായുള്ള വാർത്തകൾ എന്നാണ് പറഞ്ഞത്. നിങ്ങൾ ഒരു മറുപടി പറഞ്ഞില്ലല്ലോ; ഇറക്കുമതി നയമാണ് തെറ്റ് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചില്ലല്ലോ; ഇറക്കുമതിക്ക് നിങ്ങൾ അനുകൂലമാണ് എന്നല്ലേ അതിൽനിന്നും വ്യക്തമാകുന്നത്; ഡോ. മൻമോഹൻ സിംഗ് കൊണ്ടുവന്ന, അദ്ദേഹം ഒപ്പുവച്ച

കരാറാണ് ഈ ഇറക്കുമതി നയം, ഈ കരാറിനെതിരെ ഞങ്ങൾ ലക്ഷക്കണക്കിന് ആളുകളെ അണിനിരത്തിക്കൊണ്ട് മഞ്ചേശ്വരം മുതൽ തിരുവനന്തപുരം വരെ വമ്പിച്ച പ്രതിഷേധ ചങ്ങല ഉയർത്തിക്കെട്ടി. ഡോ. മൻമോഹൻ സിംഗ് രാജ്യത്തിനുവേണ്ടി ഒരു എഗ്രിമെന്റ് ഒപ്പുവച്ചാൽ അത് രാജ്യപുരോഗതിക്കുവേണ്ടിയാണെന്നും രാജ്യപുരോഗതിക്കുവേണ്ടി ഒപ്പുവച്ച ആ എഗ്രിമെന്റിനെ എതിർക്കുന്നത് തെറ്റാണെന്നും അന്ന് നിങ്ങൾ പറഞ്ഞു. പണ്ട് ഇടതുപക്ഷക്കാർ ട്രാക്ടറിനും കമ്പ്യൂട്ടറിനുമെതിരെ സമരം ചെയ്തതുപോലെയാണ് ഈ സമരവുമെന്ന് പരിഹസിച്ചവരാണ് നിങ്ങൾ. ഇപ്പഴോ; വെളിച്ചെണ്ണയ്ക്കും റബ്ബറിനും വില കുറഞ്ഞു. നിത്യോപയോഗ സാധനങ്ങളുടെ വില കൂടുമ്പോൾ കാർഷികോൽപ്പന്നങ്ങളുടെ വിലയെല്ലാം കുറഞ്ഞു. നാഴികയ്ക്ക് നാൽപ്പതുവട്ടം 'നാടിന്റെ നട്ടെല്ല് കർഷകരാണെന്ന് പറഞ്ഞവരാണ് നിങ്ങൾ. കോൺഗ്രസ്സിലും കേരള കോൺഗ്രസ്സിലും ഉൾപ്പെടുന്ന ആളുകൾ കർഷക പുത്രന്മാരാണെന്ന് മേനിനടിച്ചു നടക്കുന്നവരാണ്, ആഭാസ സമരങ്ങൾ നടത്തുന്നവരാണ് നിങ്ങൾ. പാർലമെന്റിൽ പോയി തേങ്ങ തലയിൽ വച്ചും കുരുമുളക് മാലയിട്ടും നടക്കുക, റബ്ബർ ഷീറ്റിൽ കിടന്നുരുളുക തുടങ്ങിയ സമരങ്ങൾ നടത്തിയവരാണ് നിങ്ങൾ. ഇപ്പോൾ റബ്ബറിന് വില കുറഞ്ഞപ്പോൾ

എന്തെങ്കിലും സമരം ചെയ്തോ; ബഡ്ജറ്റിൽ റബ്ബറിന് 300 കോടിരൂപ വകയിരുത്തിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട കെ. എം. മാണി പറഞ്ഞത്. റബ്ബർ കർഷകർക്കായി നിങ്ങൾ ബഡ്ജറ്റിൽ എന്തെങ്കിലും വകയിരുത്തിയോ? ബഹുമാനപ്പെട്ട പി.സി. ജോർജ് നാലുതവണ റബ്ബർ കർഷകർക്കുവേണ്ടി സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും റബ്ബർ കർഷകർക്കായി എന്തെങ്കിലും കൊടുത്തോ; ആരെങ്കിലും കൊടുത്തോ? ആരും ഒരു പൈസപോലും വകയിരുത്തി കൊടുത്തില്ല. റബ്ബറിന് 300 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയെന്ന് പറഞ്ഞു; നാളികേരത്തിനായി എന്തെങ്കിലും തുക വകയിരുത്തിയോ? സപ്ലിമെന്ററി ബഡ്ജറ്റിൽ എന്തെങ്കിലും തുക വകയിരുത്തിയോ; അഞ്ച് നയാപൈസ കൊടുത്തോ? ഇല്ല. നിങ്ങൾ പാവപ്പെട്ട കൃഷിക്കാരുടെ കണ്ണീരുകൊണ്ട് പന്താടുകയാണ്. കൃഷിക്കാരൻ തകർന്നടിയുമ്പോൾ, പട്ടിണി കിടക്കുമ്പോൾ അവരെ രക്ഷിക്കുന്നതിനുവേണ്ടി കോഴിക്കോടുള്ള നാഫെഡ് എന്ന സ്ഥാപനം അടച്ചുപൂട്ടുകയാണ് നിങ്ങൾ ചെയ്തത്. നിങ്ങൾ

സംഭരണമില്ലാതാക്കി; നിങ്ങൾ ഒന്നും പറഞ്ഞില്ല. കേരഫെഡിന്റെ പച്ചത്തേങ്ങാസംഭരണം നാമമാത്രമായി കുറച്ച്, കൂടുതൽ വിളവെടുക്കാൻ പണമില്ലെന്ന് പറഞ്ഞ് കർഷകരെ ഇവിടെനിന്നും മടക്കി അയയ്ക്കുകയാണ് ചെയ്തത്. മാത്രമല്ല, സംഭരിച്ച വകയിൽ 15 കോടിരൂപ കേരഫെഡിന് നിങ്ങൾ കൊടുത്തില്ല. ഈ ഗവൺമെന്റ് അവർക്കായി തുകയൊന്നും അനുവദിച്ചു കൊടുത്തില്ല. നിങ്ങൾ നോക്കണം, ഇത്തവണ നേളികേര കൃഷിക്കാർക്ക് ഓണമുണ്ടാകില്ല. കഴിഞ്ഞ വർഷം കേരളത്തിലെ ജനങ്ങൾ വലിയ സമൃദ്ധിയോടുകൂടിയല്ലെങ്കിലും 'കാണം വിറ്റും ഓണം ഉണ്ണണം' എന്നുപറഞ്ഞ് ഭക്ഷണം കഴിച്ചവരാണ്. ആ നാളികേര കൃഷിക്കാർ ഇന്ന് പട്ടിണിയിലാണ്. നാളികേര കൃഷികൊണ്ട് ഉപജീവനം കഴിക്കുന്ന പാവപ്പെട്ട കൃഷിക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ, ചായക്കടകളിൽ, പെട്ടിക്കടകളിൽ കച്ചവടമില്ല; സിനിമാ തീയേറ്ററിൽ ആളില്ല; കുട്ടികൾക്ക് പുസ്തകം വാങ്ങാൻപോലും പണമില്ല; നാളികേരവില കുത്തനെ കുറഞ്ഞു. ഇതിന്റെ ദുരിതം അവർ അനുഭവിക്കുകയാണ്. നിങ്ങൾ തമിഴ്നാട് സംസ്ഥാനത്തെ കണ്ടുപഠിക്കണം. ഇന്ന് ഇന്ത്യാരാജ്യത്ത് ഏറ്റവും കൂടുതൽ

നാളികേരം ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനമായി തമിഴ്നാട് മാറി. തമിഴ്നാട്ടിൽ 7057 ദശലക്ഷം നാളികേരം ഉൽപ്പാദിപ്പിക്കുമ്പോൾ കേരളത്തിൽ വെറും 6211 ദശലക്ഷം നാളികേരമാണ് ഉൽപ്പാദിപ്പിക്കുന്നത്. തമിഴ്നാട്ടിൽ വൈദ്യുതിയും വെള്ളവും സൗജന്യമായി കൊടുക്കുന്നു. നാളികേര സംഭരണം തമിഴ്നാട്ടിൽ കൃത്യമായി നടക്കുന്നു. ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ കർഷകരുമായി സംയോജിപ്പിച്ച് അവർക്ക് സഹായമെത്തിക്കുന്നു. ഇതിന്റെ ഫലമായി തമിഴ്നാട്ടിൽ നാളികേരം നല്ലനിലയിൽ സംഭരണം തുടരുന്നു, വില കൃത്യമായും കർഷകർക്ക് കൊടുക്കുന്നു. എന്നാൽ കേരളത്തിലെ സ്ഥിതി എന്താണ്? കേരളത്തിൽ വൈദ്യുതി സബ്സിഡി ഇല്ലാതാക്കി, വൈദ്യുതി ചർജ്ജ് വർദ്ധിപ്പിച്ചു, ജലസേചനത്തിനുള്ള ഫണ്ട് നിങ്ങൾ വെട്ടിക്കുറച്ചു, നാളികേര ഗവേണഷകേന്ദ്രത്തിന്റെ പ്രവർത്തനം നാമമാത്രമായി. രോഗം ബാധിച്ച തെങ്ങുകളെ മുഴുവൻ വെട്ടിമാറ്റണമെന്നാണ് കേരള സംസ്ഥാനം ഭരിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റ് പറയുന്നത്. പിന്നെങ്ങനെയാണ് നാളികേര കർഷകരെ രക്ഷിക്കുന്നത്? നാളികേര കൃഷിയെ രക്ഷിക്കുന്നതിനുവേണ്ടി

നാഫെഡ്, കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുണ്ട്. കേരളത്തിൽ എന്താണ് സ്ഥിതി? ഇവിടെ എല്ലായിടത്തും അഴിമതിയല്ലേ നടക്കുന്നത്? കൃഷിക്കാരെ രക്ഷിക്കാൻ കേരളത്തിൽ പദ്ധതിയൊന്നുമില്ല. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ? നാളികേര വികസന കോർപ്പറേഷനിൽ എം.ഡി.-യില്ല, കേരഫെഡിൽ എം.ഡി.-യില്ല, അവിടെ ഉദ്യോഗസ്ഥരില്ല, സ്തംഭനമാണ്, ഇതല്ലേ കേരളത്തിന്റെ സ്ഥിതി? ഇവിടെ കേന്ദ്ര ഗവൺമെന്റ് കാർഷിക മേഖലയുടെ പദ്ധതിവിഹിതം 10.4 ശതമാനം വെട്ടിക്കുറച്ചു. 2014-15-ൽ 31,325 കോടിരൂപയിൽനിന്ന് 28,050 കോടിരൂപയായി കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു; വിളപരിപാലനത്തിന് 41,681 കോടിരൂപയിൽനിന്ന് 39,968 കോടിരൂപയായി വെട്ടിക്കുറച്ചു; കേന്ദ്ര സർക്കാരിന്റെ ആർ.കെ.വി.വൈ. പദ്ധതിയുടെ 5,500 കോടിരൂപ ഈ വർഷം വെട്ടിക്കുറച്ചു; രാസവളവില വർദ്ധിപ്പിച്ചു; ചുങ്കം കുറച്ച് ഇറക്കുമതി വർദ്ധിപ്പിച്ചു. കോൺഗ്രസ്സ് എം.പി.മാർ പാർലമെന്റിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പറഞ്ഞോ? ഇല്ല; ഒരക്ഷരം നിങ്ങൾ പറഞ്ഞില്ല. കാരണം

നിങ്ങൾ അവിടെ യോജിച്ചു. നിങ്ങൾ അവിടെ രണ്ട് കയ്യുംപൊക്കി ഈ നയത്തെ പിന്തുണച്ചു. കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. രാഹുൽ ഗാന്ധി പാർലമെന്റിൽ തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. കോൺഗ്രസ്സ് എം.പി.മാർ ഇതിനെ സമ്പൂർണ്ണമായി പിന്തുണച്ചു. കേരളത്തിൽ 2011-12-ൽ 615.7 കോടി രൂപയുടെ അധികനികുതി ചുമത്തി; 2012-13 -ൽ 1,512.65 കോടിരൂപയുടെ അധികനികുതി ചുമത്തി, 2013-14-ൽ 1,556 കോടിരൂപയുടെ അധികനികുതി ചുമത്തി; ഇതിന്റെ പുറമെയാണ് ഓർഡിനൻസ് വഴി 2,100 കോടിരൂപയുടെ അധികനികുതിയും ചുമത്തിയത്; എല്ലാംകൂടി 7,182.48 കോടിരൂപയുടെ അധികനികുതിയാണ് നിങ്ങൾ ഈ നാലുവർഷക്കാലംകൊണ്ട് കേരളത്തിലെ ജനങ്ങളെ അടിച്ചേൽപ്പിച്ചത്. നിങ്ങൾ ചുമത്തിയ അധികനികുതി തരേണ്ട ആളുകളാണ് പാവപ്പട്ട ഈ കർഷകർ. നിങ്ങൾ ചുമത്തിയ 7,182.48 കോടിരൂപയുടെ നികുതി തരേണ്ടവരാണ് ഈ പാവപ്പെട്ട നാളികേര കൃഷിക്കാർ. നിങ്ങൾ ഒന്നാലോചിക്കണം, അരുവിക്കരയിലെ പാവപ്പെട്ട നാളികേര കൃഷിക്കാർ നിങ്ങൾക്ക് വോട്ട് ചെയ്തിട്ടുണ്ട്. അത് നിങ്ങൾ

ആലോചിക്കണം. ഈ നികുതി അടിച്ചേൽപ്പിച്ചതിനെതിരെ ബി.ജെ.പി. എന്തെങ്കിലും പറഞ്ഞോ; ഒരു സമരമുണ്ടാക്കിയോ; ഉണ്ടാക്കിയില്ല. കാരണം ബി.ജെ.പി.യും കോൺഗ്രസ്സും പരസ്പരസഹായ സംഘമായാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. ആ പരസ്പരസഹായ സംഘത്തിന്റെ കളിയാണ് ഇവിടെ നാട്ടിൽ നടക്കുന്നത്. കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് ജനവിരുദ്ധനയങ്ങൾ അടിച്ചേൽപ്പിച്ചാൽ കോൺഗ്രസ്സുകാർ സപ്പോർട്ട് ചെയ്യുന്നു; കേരളത്തിൽ കോൺഗ്രസ്സ് ഗവൺമെന്റ് ജനവിരുദ്ധ നയങ്ങൾ അടിച്ചേൽപ്പിച്ചാൽ ബി.ജെ.പി.യും സപ്പോർട്ട് ചെയ്യുന്നു. അങ്ങനെയുള്ള പരസ്പരസഹായ സംഘത്തിന്റെ ഫലമാണ് ജനദ്രോഹ നയങ്ങൾ അടിച്ചേൽപ്പിക്കുന്നതിന് ഈ ഗവൺമെന്റിന് കരുത്ത് പകരുന്നത്. നിങ്ങൾ ഈ നാലുവർഷക്കാലംകൊണ്ട് 205 തവണ വിദേശത്ത് യാത്ര ചെയ്തു, എന്ത് ഗുണമുണ്ടായി; പാവപ്പെട്ട നാളികേര കൃഷിക്കാർക്ക് ഇതുകൊണ്ട് എന്തെങ്കിലും ഗുണം ലഭിച്ചോ; കേരളത്തിന് എന്തെങ്കിലും മെച്ചമുണ്ടായോ? കോടിക്കണക്കിന് രൂപ ചെലവഴിച്ചു, മന്ത്രിമാർ 205 തവണ വിദേശത്തുപോയി, മന്ത്രിമാർക്ക് വിദേശനിർമ്മിത

കാറുകൾ വാങ്ങാനായി കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നു. എന്നാൽ പാവപ്പെട്ട നാളികേര കൃഷിക്കാരന് ബഡ്ജറ്റിൽ വകയിരുത്താൻ നിങ്ങളുടെ കയ്യിൽ പണമില്ല. വിദേശത്തുപോകാനും പുതിയ കാർ വാങ്ങാനും നിങ്ങൾക്ക് പണമുണ്ട്.

Mr. Speaker: Shri. K. V. Vijayadas, your time is over. Please conclude.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞങ്ങൾ പറയുന്നത്, കേരളത്തിലെ ഗവൺമെന്റ് റബ്ബർ കർഷകർക്ക് കൊടുത്തതുപോലെ ബഡ്ജറ്ററി സപ്പോർട്ടായി നാളികേര കർഷകർക്ക് 200 കോടിരൂപയെങ്കിലും വകയിരുത്തി കൊടുക്കണം. അതാണ് നിങ്ങൾ ചെയ്യേണ്ടത്. നാളികേര സംഭരണം ഇവിടെ നടത്തണം. അതിനാവശ്യമായ ഉത്തരവുകൾ നൽകണം. ഈ അടിയന്തര സ്വഭാവം കണക്കിലെടുത്ത്, 40 ലക്ഷം തൊഴിലാളികളുടെ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, വളരെ ആവേശത്തോടുകൂടിയാണ്

ശ്രീ. കെ. വി. വിജയദാസ് ഈ വിഷയം ഉന്നയിച്ചത്. അതേ ആവേശത്തോടുകൂടിത്തന്നെ ഞാൻ ഇത് ഉൾക്കൊള്ളുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ച മാർഗ്ഗങ്ങളിലൂടെ നാളികേര മേഖലയിലെ വിലത്തകർച്ച പിടിച്ചുനിർത്തി കർഷകർക്ക് ആശ്വാസമേകുന്ന നടപടികളുമായി സർക്കാർ മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ ഏജൻസിയായ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ 2000 ടൺ ഭക്ഷ്യയോഗ്യമായ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും പ്രധാനമന്ത്രിക്കും കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിയും വാണിജ്യ വകുപ്പുമന്ത്രിക്കും സ്റ്റേറ്റ് ട്രേഡിംഗ് ...............

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, പാവപ്പെട്ട കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി ഈ നടപടി അപര്യാപ്തമാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് വസ്തുതകൾക്ക് വിരുദ്ധമാണ്. ഗവൺമെന്റ് ഇടപെട്ടാൽ ......(മൈക്ക് ഓഫ്) ....... (ബഹളം) .......

ശ്രീ. കെ. പി. മോഹനൻ: സർ, വെറുതെ അപശബ്ദമുണ്ടാക്കരുത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് മറുപടി പറയണം. .... (ബഹളം) .........

ശ്രീ. കെ. പി. മോഹനൻ: സർ, ഇത് അപശബ്ദം തന്നെയാണ്. ....... (ബഹളം)...... ഈ സംസ്ഥാനത്ത് നാളികേര ........(ബഹളം)....... അദ്ദേഹം സംസാരിക്കുമ്പോൾ ഞാനൊന്നും പറഞ്ഞില്ലല്ലോ. സംസാരിക്കുന്നതിനിടയിൽ വീണ്ടും പറയുമ്പോൾ അത് അപശബ്ദമായി മാറും, സംസാരിക്കുന്നതിനിടയിൽ പറയുമ്പോൾ അങ്ങനെ തോന്നും. ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ പിൻവലിച്ചിരിക്കുന്നു.

സർ, സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ ഈ ഉദ്യമത്തിൽനിന്ന് പിന്തിരിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തുകൾ എഴുതി. കൂടാതെ 10.07.2015-ൽ തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ചേർന്ന എം.പി. മാരുടെ യോഗത്തിലും ഈ പ്രശ്നം അവതരിപ്പിക്കുകയും സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ വെളിച്ചെണ്ണ ഇറക്കുമതി തീരുമാനത്തിൽനിന്ന് ഒഴിവാക്കണമെന്ന

കാര്യത്തിൽ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട എം.പി. മാരായ പി. കരുണാകരൻ, പി. കെ. ശ്രീമതി, എം. കെ. രാഘവൻ, മുല്ലപ്പള്ളി രാമചന്ദ്രനുൾപ്പെടെയുള്ളവർ ഈ വിഷയം ശക്തമായി അവിടെ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ കേന്ദ്രസർക്കാരിന്റെ വെളിച്ചെണ്ണ ഇറക്കുമതി തീരുമാനത്തിനുപുറകെ കൊച്ചി തുറമുഖം വഴി 200 ടൺ കൊപ്ര സ്വകാര്യ വെളിച്ചെണ്ണ മില്ലുകൾക്കുവേണ്ടി സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഇറക്കുമതി ചെയ്തു എന്ന വാർത്തയും വന്നു. ഈ വാർത്ത അറിഞ്ഞ ഉടൻതന്നെ 22.07.2015-ന് ഞാൻ വീണ്ടും മുൻ കത്തിലെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പ്രധാനമന്ത്രിക്കും ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാർക്കും പ്രശ്നത്തിന്റെ ഗൗരവവും കേരളത്തിലെ കേരകർഷകരെ ഇത് എങ്ങനെ ബാധിക്കുമെന്ന് വിവരിച്ചുകൊണ്ടും സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ കൊപ്രയുടെയും വെളിച്ചെണ്ണയുടെയും ഇറക്കുമതി നടപടികളിൽനിന്നും പിന്തിരിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കത്തുകൾ നൽകി. ഈ കത്തുകളുടെ പകർപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട്

വിഷയത്തിൽ ഉടൻ ഇടപെടണമെന്ന അഭ്യർത്ഥന ലോകസഭയിലെയും രാജ്യസഭയിലെയും കേരളത്തിൽനിന്നുള്ള എല്ലാ അംഗങ്ങൾക്കും നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ന് ബഹുമാനപ്പെട്ട എം.പി. മാർ മുഖ്യമന്ത്രിയെ കാണുന്നുണ്ട് എന്ന് ശ്രീ. എം. കെ. രാഘവൻ എം.പി. ഇന്നലെ രാത്രി എന്നെ അറിയിച്ചിട്ടുണ്ട്. കേരഫെഡിന് പണം കൊടുക്കണമെന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു, കേരഫെഡിന് കൃത്യമായി പണം കൊടുത്തുകൊണ്ടിരിക്കുകയാണ്. ചില സമയങ്ങളിൽ അതിൽ മാറ്റം വരുന്നുണ്ട്. അക്കാര്യങ്ങളൊന്നും കേരകർഷകരെ ബാധിക്കുന്നില്ല. നാളികേരത്തിന് അന്യ സംസ്ഥാനങ്ങളിൽ വില കൂടിയിട്ടുണ്ട് എന്ന് പറയുന്നു, അന്യസംസ്ഥാനത്ത് വില കൂടിയിട്ടില്ല. കേരളത്തിൽ മാത്രമാണ് ഗവൺമെന്റ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നത്. അതുകൊണ്ടുതന്നെ കർഷകർക്ക് യാതൊരു വിഷമവും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ......(ബഹളം)........ കൃഷി ഭവൻ മുഖാന്തിരം 25 രൂപയ്ക്ക് പച്ചത്തേങ്ങ സംഭരിക്കുമ്പോൾ 17 രൂപയ്ക്ക് മാർക്കറ്റിൽ കൊടുക്കണോ? നിങ്ങൾ എന്തിനാണ് മാർക്കറ്റിൽ കൊണ്ടുപോയി കൊടുക്കുന്നത്; .......... തേങ്ങയ്ക്ക്

വില കൂടുമ്പോൾ മാർക്കറ്റിൽ കൊടുക്കുന്നു. ......... എല്ലായിടത്തും എടുക്കുന്നുണ്ട്. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്ററിന്റെ വീടിനുമുന്നിൽ പച്ചത്തേങ്ങ സംഭരിക്കുന്നതാണ് എന്ന ബോർഡ് വച്ചിട്ടുണ്ട്. ............. 17 രൂപയ്ക്ക് കൊടുക്കണമെന്നുണ്ടെങ്കിൽ പുറത്ത് മാർക്കറ്റിൽ കൊടുത്താൽ മതി. ഞങ്ങൾ തേങ്ങ സംഭരിച്ച് കേരഫെഡ് മുഖാന്തിരം കേരാ മിൽക്ക്, കേരാ ക്രീം, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, വെർജിൻ കോക്കനട്ട് ഓയിൽ തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. വെർജിൻ കോക്കനട്ട് ഓയിൽ വളരെയധികം വിലയുള്ളതാണ്. ...........

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, പോയിന്റ് ഓഫ് ഓർഡർ ........

മി. സ്പീക്കർ: യെസ് .........

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുമ്പോൾ ഈ സഭയിലെ ഒരംഗമായ എന്നെക്കുറിച്ച് തെറ്റിദ്ധാരണാജനകമായി എന്റെ വീടിന്റെ മുന്നിൽ തേങ്ങ സംഭരിക്കുന്ന ബോർഡുണ്ട് എന്ന് പറഞ്ഞത് ഈ സഭയുടെയും കേരളത്തിലെ ജനങ്ങളുടെയും മുന്നിൽ എന്നെ തെറ്റിദ്ധരിക്കപ്പെടാൻ ഇടയാക്കും.

അതുകൊണ്ട് അത് സഭാരേഖയിലുണ്ടാകാൻ പാടില്ല. ബഹുമാനപ്പെട്ട മന്ത്രി അത് പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. പി. മോഹനൻ: സർ, ബോർഡ് വച്ചിരിക്കുന്നത് വീടിന്റെ മുന്നിലല്ല, വീടിന്റെ മുന്നിൽനിന്ന് 100 മീറ്റർ മാറി റോഡ് സൈഡിലാണ്. സംഘം ടാക്കീസിന്റെ മുൻവശത്തുനിന്ന് കുറച്ചുമാറി പുറ്റാംപൊയ്കയിൽ എന്ന സ്ഥലത്താണ് ബഹുമാനപ്പെട്ട എം.എൽ.എ. യുടെ വീട്. ................. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കിക്കൊണ്ട് കേരളത്തിൽ നാളികേര കർഷകരെ സംരക്ഷിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കർഷകർക്ക് 25 രൂപയിൽ കുറയാതെ വില നൽകാൻ സർക്കാർ തയ്യാറായിട്ടുണ്ട്. അതിനുള്ള എല്ലാ സഹായങ്ങളും സർക്കാരിൽനിന്ന് കൃഷി വകുപ്പിന് ലഭിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെയും അതിനായി തുക മാറ്റിവച്ചിട്ടുണ്ട്. നാളികേര കർഷകർക്ക് ഇപ്പോൾ ഉയർന്ന വിലയാണ് കൃഷി വകുപ്പ് നൽകിക്കൊണ്ടിരിക്കുന്നത്. കൂടുതൽ വില ലഭിക്കുമ്പോൾ കർഷകർ പുറത്ത് മാർക്കറ്റിലാണ് കൊടുക്കാറുള്ളത്. അതുകൊണ്ട് സ്ഥിരമായി കേരളത്തിലെ കർഷകർക്ക് 25 രൂപ ലഭിക്കുന്ന

രൂപത്തിലുള്ള നടപടികളുമായാണ് മുന്നോട്ട് പോകുന്നത്. അതോടൊപ്പം മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കാനുള്ള ശക്തമായ ഇടപെടലും നടത്തുന്നുണ്ട്. കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ 22 വർഷം മുമ്പ് പൂട്ടിക്കിടന്ന സ്ഥാപനമാണ്. അത് റിവൈവ് ചെയ്തുകൊണ്ട് ഇപ്പോൾ ആ രംഗത്തേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. നീര ഉല്പാദനത്തിലൂടെ കർഷകർക്ക് കൂടുതലായി സൗകര്യങ്ങൾ ലഭിക്കുന്നു. ഇതൊക്കെ ചെയ്തുകൊണ്ട് മുന്നോട്ടുപോകുമ്പോഴും നാളികേര കർഷകർക്ക് ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട് എന്നത് ശരിയാണ്. പക്ഷേ അതിൽനിന്ന് കർഷകരെ രക്ഷപ്പെടുത്താൻവേണ്ടി സർക്കാർ ശക്തമായ ഇടപെടൽ നടത്തി മുന്നോട്ടുപോകുന്നതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, 30 ലക്ഷത്തോളം പേരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന അത്യന്തം ഗൗരവതരമായ വിഷയമാണ് ഞങ്ങൾ അടിയന്തര പ്രമേയത്തിൽ അവതരിപ്പിക്കാൻ ശ്രമിച്ചത്. എന്നാൽ ഈ സർക്കാരിന് അതൊന്നും ബാധകമല്ലെന്ന മട്ടിലാണ് മന്ത്രിയുടെ പ്രതികരണം. കേരളത്തിലെ നാളികേര കർഷകരെ കുത്തുപാളയെടുപ്പിക്കുന്ന തരത്തിലാണ് കേന്ദ്ര സർക്കാർ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നത്. കേരളത്തിലെ കർഷകരെ ദ്രോഹിക്കുന്ന ഇറക്കുമതിനയമാണ് കേന്ദ്രസർക്കാർ തുടരുന്നത്. നേരത്തെ കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റിന്റെ കാര്യത്തിലും ഇതുതന്നെയായിരുന്നു സ്ഥിതി. കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾതന്നെ ഇറക്കുമതി ചെയ്യുമ്പോൾ സ്വാഭാവികമായും ഇവിടത്തെ കർഷകരുടെ ഉല്പന്നങ്ങൾക്ക് വിലയിടിയും. ഇത് റബ്ബറിന്റെ കാര്യത്തിൽ നമ്മൾ കണ്ടതാണ്. സർക്കാരിന്റെ തലതിരിഞ്ഞ ഇറക്കുമതി നയംമൂലം റബ്ബർ വില കിലോയ്ക്ക്

250 രൂപയുണ്ടായിരുന്നത് 130 രൂപയിലേയ്ക്ക് താഴ്ന്നു. ഇതുതന്നെയാണ് നാളികേര വിലയിടിവിനും കാരണമായിരിക്കുന്നത്. രണ്ടായിരം ടൺ വെളിച്ചെണ്ണ കേന്ദ്രം ഇറക്കുമതി ചെയ്തതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് കേരളത്തിലെ നാളികേര കർഷകന്റെ നട്ടെല്ലൊടിച്ചിരിക്കുകയാണ്. റബ്ബർ കർഷകരെയും നാളികേര കർഷകരെയും രക്ഷിക്കണമെങ്കിൽ ഈ ഉല്പന്നങ്ങൾക്കുള്ള ഇറക്കുമതി ചുങ്കം വലിയ തോതിൽ വർദ്ധിപ്പിക്കുകയാണ് വേണ്ടത്. എന്നാൽ ഇത് ചെയ്യാൻ ബി.ജെ.പി. ഗവൺമെന്റോ പഴയ യു.പി.എ. ഗവൺമെന്റോ തയ്യാറായിട്ടില്ല. ഇതാണ് പ്രതിസന്ധിക്ക് കാരണം. കേന്ദ്ര ഭരണാധികാരികൾക്ക്, കോൺഗ്രസായാലും ബി.ജെ.പി. ആയാലും, കർഷകരോട് താല്പര്യമില്ല. മറിച്ച് വൻകിട കുത്തകക്കാരുടെ താല്പര്യമാണ് പ്രധാനം. അതുകൊണ്ടാണ് കർഷകർക്ക് ദ്രോഹകരമായ രീതിയിൽ ഇറക്കുമതി നടത്തിക്കൊണ്ടിരിക്കുന്നത്. ആഗോളവൽക്കരണ നയങ്ങൾ ആരംഭിച്ച കാലം മുതൽ ഞങ്ങൾ ഇത് പറഞ്ഞുകൊണ്ടിരിക്കുകയാണ്. യു.പി.എ. ഗവൺമെന്റ് ആസിയൻ കരാറുമായി മുന്നോട്ടുപോയ ഘട്ടത്തിലും ഇത്

കേരളത്തിന്റെ കാർഷികമേഖലയ്ക്ക് ആപത്താണെന്ന് ഞങ്ങൾ മുന്നറിയിപ്പ് നൽകിയിരുന്നതാണ്. ആസിയാൻ കരാർ നടപ്പാക്കുന്ന കാലത്ത് കേരളത്തിലെ ഇടതുപക്ഷം, സംസ്ഥാനത്ത് ഒട്ടാകെ ആസിയാൻ കരാറിന്റെ ദൂഷ്ഫലങ്ങൾ പ്രചരിപ്പിച്ചതാണ്. അന്ന് ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും പറഞ്ഞത്, ആസിയാൻ കരാർ നടപ്പിലാക്കിയാൽ കേരളത്തിൽ സാധനങ്ങളുടെ ഇറക്കുമതി വർദ്ധിക്കുന്നതുകൊണ്ട് വില കുറയുമെന്നാണ്. റബ്ബറിന്റെ വില കുറഞ്ഞു, നാളികേരത്തിന്റെ വില കുറഞ്ഞുകൊണ്ടിരിക്കുന്നു. നമ്മൾ ഉൽപ്പാദിപ്പിക്കുന്ന എല്ലാ സാധനങ്ങളുടെയും വില കുറയുകയാണ്. വാങ്ങുന്ന എല്ലാ സാധനങ്ങളുടെ വിലയും കൂടി. അതിനെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? എന്നാൽ അതൊന്നും കണക്കിലെടുക്കാതെ ആഭ്യന്തര വിദേശ കുത്തകകളെ സഹായിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ, കേരളത്തിലെ പാവപ്പെട്ട കർഷകരെ ദ്രോഹിക്കുകയാണ്. 20 രൂപ വരെ കിട്ടിക്കൊണ്ടിരുന്ന തേങ്ങയ്ക്ക് വില 8 രൂപയിൽ താഴെയായി എന്നുപറയുമ്പോൾ ആ രംഗത്തെ പ്രതിസന്ധി ഊഹിക്കാവുന്നതേയുള്ളൂ. കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം മാത്രമല്ലല്ലോ പ്രശ്നം; ഇതുമൂലം കേരളത്തിൽ 4000 കോടി രൂപയുടെ

നഷ്ടമുണ്ടാകുന്നതായും കണക്കുകൾ വ്യക്തമാക്കുന്നു. പാവപ്പെട്ട നാളികേര കൃഷിക്കാർ എങ്ങനെ ജീവിതം മുന്നോട്ട് കൊണ്ടുപോകും? കർഷകർ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന് വില ലഭിക്കാത്തത് സമാന്തരമായി അവരുടെ ജീവിതം ദുരിതപൂർണ്ണമാക്കുകകൂടി ചെയ്യുന്നുണ്ട്. നിത്യോപയോഗ സാധനങ്ങൾക്കെല്ലാം വലിയ തോതിൽ വിലവർദ്ധിച്ചുവെന്ന കാര്യം കഴിഞ്ഞ ദിവസം ഈ സഭയിൽ ബന്ധപ്പെട്ട മന്ത്രിതന്നെ കുമ്പസാരിക്കുന്നത് കേട്ടതല്ലേ? ഇക്കാര്യം ഞങ്ങൾ ഈ സഭാസമ്മേളനത്തിനിടയിൽത്തന്നെ അക്കമിട്ട് നിരത്തിപ്പറഞ്ഞതാണ്. അന്നൊക്കെ തട്ടാമുട്ടി പറഞ്ഞ് തടിതപ്പാൻ ശ്രമിച്ച മന്ത്രിക്കുതന്നെ ഇപ്പോൾ സമ്മതിക്കേണ്ടിവന്നിരിക്കുന്നു, വില ദുസ്സഹമായി ഉയരുന്നുവെന്ന്. അരി, പച്ചക്കറി, മത്സ്യം, ഇറച്ചി, പയർ വർഗ്ഗങ്ങൾ, പഴങ്ങൾ എന്നുവേണ്ട 'ഉപ്പ് തൊട്ട് കർപ്പൂരം വരെ' നിത്യജീവിതത്തിൽ എന്തൊക്കെ സാധനങ്ങൾ വാങ്ങുന്നുണ്ടോ, അതിനുമുഴുവൻ തീ വിലയല്ലേ; ജനങ്ങൾക്ക് ആശ്വാസം പകരേണ്ടതായ സപ്ലൈകോ, കൺസ്യൂമർ ഫെഡ്, നീതി സ്റ്റോർ, നന്മ സ്റ്റോർ എന്നിവയെല്ലാം ഈ സർക്കാർ നശിപ്പിച്ചില്ലേ; അതിനെയെല്ലാം അഴിമതിയുടെ കേന്ദ്രങ്ങളായി നിങ്ങൾ മാറ്റിയില്ലേ? കൺസ്യൂമർ ഫെഡ്-ന് ആന്ധ്രാപ്രദേശിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങി

നൽകിയ വ്യാപാരികൾ ഇന്നലെ എന്നെ വന്നുകണ്ടു. അവർക്ക് മാത്രം 400 കോടി രൂപയാണ് കൊടുക്കാനുള്ളത്. ഇത്രയും തുകയ്ക്കുള്ള സാധനങ്ങൾ അവർ നൽകിയത് മുഴുവൻ നിങ്ങൾ വിറ്റ് കാശാക്കിയില്ലേ; എന്നിട്ട് ആ 400 കോടി രൂപ ആരെടുത്തു; എന്തുകൊണ്ടാണ് വ്യാപാരികൾക്ക് ആ പണം കൊടുക്കാത്തത് ? ഇതിന് മറുപടി പറയണം. അതൊക്കെ അടിച്ചുമാറ്റി. കുടിശ്ശിക ലഭിക്കാനുള്ളവരിൽ ആന്ധ്രാപ്രദേശിൽ നിന്നുള്ള വ്യാപാരികളുണ്ട്, അവർക്ക് 69 കോടി രൂപ നൽകാനുണ്ട്. അവർ അരി കയറ്റി അയയ്ക്കുന്നത് നിർത്തിവച്ചിരിക്കുകയാണെന്ന് മന്ത്രി അറിഞ്ഞിട്ടുണ്ടോ? ഈ ഓണക്കാലത്ത് ഒരു സാധനവും വിപണിയിൽ കിട്ടാൻ പോകുന്നില്ല. ഇത്തവണ കാണം വിറ്റാൽ പോലും ഓണം ഉണ്ണാൻ കഴിയില്ല. ഓണക്കാലമാകുന്നു, എങ്ങനെയാണ് ഈ വിലക്കയറ്റ തീയിൽ നിന്ന് ജനങ്ങളെ രക്ഷിക്കുക? ഇടിവെട്ടേറ്റവനെ പാമ്പുകടിച്ചു എന്ന് പറയുന്നതുപോലെയല്ലേ നാളികേരത്തിന്റെ വിലത്തകർച്ച മൂലം ദുരിതത്തിലായ കേരകർഷകർ ഈ വിലക്കയറ്റത്തിന്റെ എരിതീയിൽ പിടയുന്നത്; ഓണക്കാലത്ത് സാധനങ്ങൾ ലഭിക്കണമെങ്കിൽ മജീഷ്യൻ ശ്രീ. ഗോപിനാഥ് മുതുകാടിനെ വിളിക്കേണ്ടിവരില്ലേ? കഴിഞ്ഞ ദിവസം മുതുകാട്, കുട്ട നിറയെ പച്ചക്കറികൾ കൊണ്ടുവരുന്ന ഒരു മാജിക്

കാണിച്ചു. മന്ത്രിമാർ അതുകണ്ട് സന്തോഷിച്ചു. അങ്ങനെ മുതുകാടിനെക്കൊണ്ടുവന്ന് ഓണസാധനങ്ങൾ തരപ്പെടുത്താമെന്നാണോ സർക്കാർ കരുതുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. കഴിഞ്ഞ ദിവസം ഇതുസംബന്ധിച്ച് ഒരു പത്രം മുഖപ്രസംഗം എഴുതിയപ്പോൾ കേരളത്തിന്റെ പേരുതന്നെ മാറ്റേണ്ടിവരുമോ എന്നാണ് ചോദിച്ചത്. കേരം തിങ്ങും നാടായതുകൊണ്ടാണല്ലോ നമ്മുടെ നാട് കേരളമായത്. ആ കേരവൃക്ഷങ്ങൾ അന്യം നിന്നുകൊണ്ടിരിക്കുകയാണ്. കോർപ്പറേറ്റുകൾക്ക് വേണ്ടി അവയെ പൂർണ്ണമായും ഇല്ലാതാക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. നാളികേരവും നെല്ലുമൊക്കെ മലയാളത്തിന്റെ ഭാഷയേയും സംസ്കാരത്തേയുംകൂടി ഈട് വയ്ക്കുന്നതാണ്. അവ അന്യം നിൽക്കുകയെന്ന് പറഞ്ഞാൽ കേവലം ആ മേഖലയിലെ കർഷകരുടെയോ, തൊഴിലാളികളുടെയോ മാത്രം പ്രശ്നമല്ല. അത് നമ്മുടെ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും സാമൂഹ്യമായ ഉണർവിന്റെയും കൂടി അടയാളങ്ങൾ ഇല്ലാതാക്കുന്നെവന്നാണ്. പ്രധാനമായും, നിയന്ത്രണമില്ലാത്ത വെളിച്ചെണ്ണ ഇറക്കുമതിക്ക് കടിഞ്ഞാൺ ഇടാൻ കഴിയണം. ഇക്കാര്യത്തിൽ കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് എന്നുള്ള വേർതിരിവ് കാണുന്നത് ശരിയല്ല. പക്ഷെ, ഇത്തരം വിശാലവീക്ഷണത്തിൽ ഈ പ്രശ്നം

ഗവൺമെന്റ് കാണുന്നില്ല. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. കെ. വി. വിയജദാസ് സഭയുടെ ശ്രദ്ധയ്ക്കുവേണ്ടിയും മന്ത്രിയുടെ പരിഗണനയ്ക്ക് വേണ്ടിയും കേരളത്തിലെ ലക്ഷക്കണക്കിന് കേരകർഷകരുടെ പ്രശ്നമാണ് സഭയിൽ ഉന്നയിച്ചത്. ഈ അടിയന്തരപ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രി കുറച്ചുകൂടി ഗൗരവപൂർവ്വം പ്രതികരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. കേരളത്തിലെ പാവപ്പെട്ട നാളികേര കൃഷിക്കാരുടെ പ്രശ്നം സഭയിൽ ഉന്നയിച്ചപ്പോൾ പരിഹാസ്യമായും നിഷേധാത്മകമായും മറുപടി പറഞ്ഞ് ആ വിഷയത്തിന്റെ ഗൗരവം ഒരുകാരണവശാലും തല്ലിക്കെടുത്താൻ പാടില്ലാത്തതായിരുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പരിഹാസ്യമായ രീതിയിൽ ഒന്നും പറഞ്ഞിട്ടില്ല, വിഷയം വളരെ ഗൗരവമായി കണ്ടുതന്നെയാണ് മറുപടി

പറഞ്ഞത്.

<u>ശ്രീ. സി. ദിവാകരൻ</u>: അങ്ങ് പറഞ്ഞ വാക്കുകൾ ഇനി ഞാൻ ഉപയോഗിക്കുന്നത് ശരിയല്ല. ഒരു അടിയന്തരപ്രമേയത്തിനും നിങ്ങൾ ന്യായമായ മറുപടി പറയാറില്ല. നിങ്ങൾക്ക് ദുർവാശിയും ദുരഭിമാനവുമാണ്. കേരളത്തെ ബാധിക്കുന്ന ഒരു പ്രശ്നം പ്രതിപക്ഷം ഉന്നയിച്ചാൽ, 'പ്രശ്നം ഗൗരവമുള്ളതാണ്, നടപടിയെടുക്കും' എന്ന് പറയുന്നതിനുപകരം എല്ലാ അടിയന്തരപ്രമേയത്തെയും പിച്ചിച്ചീന്തിക്കളയുകയാണ്. നിങ്ങളുടെ ഉദ്ദേശ്യമെന്താണ്? അടിയന്തരപ്രമേയത്തിലൂടെ കേരള സമൂഹത്തിന്റെ പ്രശ്നങ്ങളാണ് ഞങ്ങൾ ഉന്നയിക്കുന്നത്. കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നമല്ലേ ഞങ്ങൾ ഉന്നയിച്ചത്; കർഷകരുടെ വകുപ്പല്ലേ ശ്രീ. കെ. പി. മോഹനൻ കൈകാര്യം ചെയ്യുന്നത്? കേരളത്തിലെ കൃഷിക്കാരെ കൊള്ളയടിക്കുന്നതിന്റെ ഞെട്ടിപ്പിക്കുന്ന വാർത്തകൾ വെളിയിൽ കൊണ്ടുവന്ന, ഉദാരവൽക്കരണത്തിനും ആഗോളവൽക്കരണത്തിനും എതിരായ 'കാണാച്ചരടുകൾ' എന്ന ലേഖനമെഴുതിയ ശ്രീ. എം. പി. വീരേന്ദ്ര കുമാർ പറയുന്ന നയങ്ങൾക്കെതിരാണ് കൃഷിവകുപ്പിന്റെ പ്രവർത്തനം. വിദേശ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്ത് കേരളത്തിലെ കൃഷിക്കാരന്റെ നടുവൊടിക്കുന്നു. നിങ്ങളെന്താണ്

പ്രതികരിക്കാത്തത്? നിങ്ങൾ കത്തയച്ചുവെന്ന് പറഞ്ഞു. ഇവിടെ വെളിച്ചെണ്ണ, കൊപ്ര, റബ്ബർ, സ്പൈസസ് എന്നിവ ഇറക്കുമതി ചെയ്യുന്നില്ലേ; കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലൊടിക്കുകയല്ലേ? നിങ്ങൾ കേന്ദ്രത്തിൽ ശക്തിയായി ഇടപെടണം. മുമ്പ് കോൺഗ്രസ് കേന്ദ്രം ഭരിച്ചപ്പോഴും നിങ്ങൾ ഇടപെട്ടില്ല. ഇന്ന് നിങ്ങൾ കേന്ദ്ര വിരുദ്ധ സമരത്തിന് തയ്യാറാണോ; അതാണിവിടെ പ്രശ്നം. നിങ്ങൾ കേന്ദ്രത്തിലേയ്ക്ക് കത്തയച്ചാൽ പണ്ടത്തെപ്പോലെ മറുപടി ലഭിക്കുകയില്ല, കത്ത് ചവറ്റുകുട്ടയിൽ പോവുകയേയുള്ളൂ. അവിടെയിരിക്കുന്ന ആളുകൾ മാറി, നിങ്ങൾക്കത് അറിയില്ലേ? രാഷ്ട്രീയ കാലാവസ്ഥ മാറിയതറിയാതെ ഇപ്പോഴും പഴയതുപോലെ കത്തയച്ചുകൊണ്ടിരിക്കുകയാണ്. ഇത് കേരളത്തിലെ ലക്ഷക്കണക്കിനാളുകളുടെ പ്രശ്നമല്ലേ; എല്ലാ രീതിയിലും കേരളത്തെ ഞെരിച്ചുകൊല്ലുകയല്ലേ? കേരളത്തിനർഹമായ യാതൊന്നും തരുന്നില്ല, റേഷൻ ക്വാട്ട തരുന്നില്ല, കേരളത്തിനുമേൽ അനാവശ്യമായ നോംസ് അടിച്ചേൽപ്പിക്കുന്നു. ഇതൊക്കെ ചർച്ച ചെയ്യണ്ടേ; ഇവിടെയിപ്പോൾ നാളികേരത്തിന്റെ പ്രശ്നം വന്നിരിക്കുകയാണ്, നിങ്ങൾക്ക് ശക്തമായി ഇടപെടാം, നിവേദകസംഘത്തെ അയയ്ക്കാം. നാളികേരത്തിന്റെ മാത്രമല്ല, കേരളത്തിന്റെ കാർഷിക മേഖലയാകെ തകരുകയാണ്. നെൽകൃഷിക്കാരുടെ സ്ഥിതിയെന്താണ്; അങ്ങ് ഇതെല്ലാം കാണുന്നതല്ലേ?

കുട്ടനാട്ടുള്ള നെൽകൃഷിക്കാർക്ക് നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ നാലുവർഷംകൊണ്ട് ആകെ കൊടുത്തത് ഒരു രൂപയുടെ വർദ്ധനവാണ്. ഞങ്ങൾ ഓരോ വർഷവും ഓരോ രൂപയുടെ വർദ്ധനവ് കൊടുത്തു. നെൽകൃഷിക്കാർ തങ്ങൾ കൃഷി അവസാനിപ്പിക്കുകയാണെന്ന് പറയുന്നു, ക്ഷീരകർഷകർ സ്ഥലം വിടുകയാണ്, റബ്ബർ കൃഷിക്കാർ കുത്തുപാളയെടുക്കുകയാണ്, നാളികേര കൃഷിക്കാർ തെങ്ങ് മുറിച്ചുവിൽക്കുകയാണ്. കാർഷിക മേഖല എങ്ങനെയാണ് വികസിക്കുന്നത്? ഇവിടെ പച്ചക്കറിയുടെ കാര്യങ്ങൾ മാത്രം പറഞ്ഞാൽ മതിയോ? അടിസ്ഥാനപരവും മൗലികവുമായ കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് ഗുണകരമായ ഒരു സമീപനം നിങ്ങൾ സ്വീകരിക്കണം. ആ വിഷയങ്ങൾ ഞങ്ങൾ മുന്നോട്ടുവച്ചാൽ അതിന് മറുപടി പറയാതെ നിങ്ങളതിനെ പരിഹസിക്കുകയാണ്. പച്ചത്തേങ്ങ സംഭരണം നടത്തുന്നുവെന്ന് നിങ്ങൾ പറഞ്ഞില്ലേ; ബഹുമാനപ്പെട്ട മന്ത്രി, കരുനാഗപ്പള്ളിയിൽ എന്താണ് നടക്കുന്നതെന്ന് അറിയാമോ; ഒരു സംഭരണവും കേരാഫെഡിൽ നടക്കുന്നില്ല. അവർ പറയുന്നത് കാശില്ലായെന്നാണ്. നിങ്ങൾ പറയുന്നത് 25 രൂപ വച്ച് പച്ചത്തേങ്ങ സംഭരണം നടത്തുന്നുവെന്നാണ്. പച്ചത്തേങ്ങ സംഭരണം സാമ്പത്തിക ബുദ്ധിമുട്ട് കാരണം കേരഫെഡ് നിർത്തിവച്ചിരിക്കുകയാണ്. ആ വസ്തുതയെങ്കിലും നിങ്ങളിവിടെ സമ്മതിക്കേണ്ടതല്ലേ? അത് നിയമസഭയിൽ

പറഞ്ഞാൽ സംഭരിച്ചുകൊണ്ടിരിക്കുകയാണെന്ന് നിങ്ങൾ പറയുന്നു. അങ്ങനെയാണോ ഇതിനെ സമീപിക്കേണ്ടത്? നിങ്ങളുടെ പ്രതികരണം പുറത്ത് ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ നാളികേര കർഷകരുടെ പ്രശ്നം അടിയന്തരപ്രമേയമായി പ്രതിപക്ഷം സഭയിൽ കൊണ്ടുവന്നാൽ അതിന് പോസിറ്റീവായി മറുപടി പറയാതിരിക്കുന്നത് വളരെ നിർഭാഗ്യകരവും പ്രതിഷേധകരവുമാണ്. ഇത് ചർച്ച ചെയ്യാനെന്താണ് തടസ്സം?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. സി. ദിവാകരൻ: സർ, ഒരു അടിയന്തരപ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ എന്താണ് ശങ്ക; എന്താണ് തടസ്സം; ആരാണ് തടസ്സം; ഒരു മണിക്കൂർ ചർച്ച ചെയ്തുകൂടേ? ഈ സമീപനം വളരെ നിർഭാഗ്യകരമാണ്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, റൂൾ 50 നമ്മുടെ നിയമസഭാ ചട്ടങ്ങളിലുൾപ്പെടുത്തിയിരിക്കുന്നത് ഞങ്ങൾക്കൊരു പ്രസംഗം നടത്താനും മന്ത്രിമാർക്ക് മറുപടി പറയാനും വേണ്ടിയല്ല. ഈ നാട്ടിലെ ജനങ്ങളുമായി

ബന്ധപ്പെടുന്ന അടിസ്ഥാനപരമായ വിഷയങ്ങളിൽ, സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്കവണ്ണമുള്ള ഗൗരവതരമായ സംഗതികളിൽ സഭ ഇടപെടുന്നുവെന്നത് വ്യക്തമാക്കാൻവേണ്ടിയാണ്. സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റിനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കാം, എന്നാൽ 30 ലക്ഷത്തോളം നാളികേര കർഷകരെ ബാധിക്കുന്ന ഈ വിഷയത്തിനൊരു മറുപടി പറയുമ്പോൾ ഈ പ്രശ്നത്തിന്റെ ഗൗരവം മന്ത്രി ഉൾക്കൊള്ളേണ്ടതല്ലേ? വളരെ ലഘുവായി, ഈ ആവശ്യമുന്നയിച്ചവരെ അപഹസിച്ചുകൊണ്ടുള്ള, റൂൾ 50-യുടെ ലക്ഷ്യത്തിൽനിന്ന് വളരെ അകന്നുപോകുന്ന തരത്തിലുള്ള സമീപനമാണ് മന്ത്രി സ്വീകരിച്ചതെന്ന വസ്തുതയാണ് ഞാനാദ്യം സൂചിപ്പിക്കുന്നത്.

കാർഷിക മേഖലയിൽ ഒരു ഉൽപ്പന്നത്തിനും വിലയില്ല, വില താഴേയ്ക്ക് വരികയാണ്. കാർഷിക ഉൽപ്പന്നങ്ങൾ സംസ്കരിച്ചുണ്ടാക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആണെങ്കിൽപ്പോലും ജനങ്ങൾ വാങ്ങി ഉപയോഗിക്കേണ്ടി വരുന്ന എല്ലാ സാധനങ്ങൾക്കും ഭയങ്കര വിലയാണ്. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഇതൊരു നയത്തിന്റെ പ്രതിഫലനമായി ഉണ്ടായതാണ്. ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റ് നയവും ആസിയാൻ കരാറുമൊക്കെ അതിന്റെ ഭാഗമായിട്ടാണ് വരുന്നത്. ആ നയത്തിന് ബീജാവാപം ചെയ്തത് കോൺഗ്രസ്സാണ്. ഡോ.

മൻമോഹൻ സിംഗിന്റെ കാലത്ത് ഇവിടത്തെ യു.ഡി.എഫ്. സർക്കാർ നേതൃത്വംകൊടുത്ത് നടപ്പാക്കിയ നയത്തിന്റെ ദോഷഫലങ്ങൾ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ ഒരുദാഹരണമാണ് ഇപ്പോൾ നാളികേര കർഷകരുടെ മേഖലയിൽവരെ എത്തി നിൽക്കുന്നത്. മൂന്നുഘടകങ്ങളാണ് പ്രശ്നം. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വെളിച്ചെണ്ണയും കൊപ്രയും വൻതോതിൽ ഇറക്കുമതി ചെയ്യുകയാണ്. ഇവിടെ ആവശ്യത്തിനുള്ള നാളികേര ഉൽപ്പാദനമുണ്ടായിരിക്കെ, ദൗർലഭ്യവും ക്ഷാമവുമില്ലാതിരിക്കെത്തന്നെ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ ഇവയെല്ലാം ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു. നാഫെഡ് ഇപ്പോൾ കൊപ്ര സംഭരിക്കുന്നില്ല, അതിന്റെ കോഴിക്കോടുള്ള ഓഫീസ് അടച്ചുപൂട്ടി. കേരഫെഡ് സംഭരിക്കുന്ന പച്ചത്തേങ്ങയുടെ വില 32 രൂപയിൽനിന്ന് 25 രൂപയായിട്ട് കുറയ്ക്കുന്നുവെന്നുമാത്രമല്ല സംഭരിച്ചതിന്റെ വില കേരഫെഡ് നൽകിയിട്ടുമില്ല. അപ്പോൾ, നയപരമായ പ്രശ്നത്തെ നേരിടുന്നതിന് ഫലപ്രദമായ ഭരണനടപടികളുണ്ടാകുന്നില്ലായെന്നുള്ളതാണ് ഗവൺമെന്റിന്റെ വീഴ്ചയായി ഞങ്ങൾ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്. റബ്ബർ മേഖലയിലും ഇതിന്റെ പ്രതിഫലനമുണ്ടായി. കർഷകർ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന് വിലയില്ല, റബ്ബർ ഉപയോഗിച്ച് നിർമ്മിക്കുന്ന ടയറിന് വലിയ വില നൽകണം, അതാണിവിടത്തെ പ്രശ്നം. ഈ പ്രശ്നം എല്ലാ

കാർഷിക മേഖലയിലുമുണ്ട്. റബ്ബർ കർഷകരുടെ പ്രശ്നത്തിൽ ഇടപെടാൻ, റബ്ബർ സംഭരണത്തിന് സംവിധാനമൊരുക്കാൻ ഗവൺമെന്റ് തയ്യാറായല്ലോ; എന്തുകൊണ്ട് മുപ്പത് ലക്ഷത്തിലധികംവരുന്ന നാളികേര കർഷകരുടെ പ്രശ്നം സംബന്ധിച്ച വിഷയമുന്നയിച്ചാൽ അതിനെ ഗൗരവമായി ഉൾക്കൊണ്ട് മറുപടി പറയാൻപോലും സർക്കാർ തയ്യാറാവുന്നില്ല? ഈ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും പുറത്തുപോയി.)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, 30 ലക്ഷത്തോളം വരുന്ന നാളികേര കർഷകരുടെ പ്രശ്നമാണ് ഞങ്ങൾ സഭയിലുന്നയിക്കാൻ ശ്രമിച്ചത്. ആ പ്രശ്നത്തിൽ ഇവിടെ മറ്റ് കക്ഷിനേതാക്കൾ ചൂണ്ടിക്കാണിച്ചതുപോലെ കേരള സർക്കാരിന് മാത്രമായി ഒന്നും ചെയ്യാൻ സാധിക്കില്ല. കേന്ദ്രഗവൺമെന്റ് നയം തിരുത്തിയാൽ മാത്രമേ ആ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാവുകയുള്ളൂ. ആ നയം തിരുത്തുന്നതിനുവേണ്ടി നമുക്കെല്ലാം കൂട്ടായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ; നാളികേരത്തിനുണ്ടായ വിലയിടിവുമൂലം കർഷകർ ദുരിതമനുഭവിക്കുമ്പോൾ എന്തുചെയ്താലാണ് അവരെ സഹായിക്കാൻ കഴിയുന്നത് എന്നിങ്ങനെയുള്ള

കാര്യങ്ങളെക്കുറിച്ച് ഒരു ചർച്ച നടത്തുന്നതിന് ഗവൺമെന്റ് ദുരഭിമാനം വച്ചുപുലർത്തുന്നതെന്തിനാണ്? പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത്, നാളികേര കർഷകരെ സഹായിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്യാൻ പോകുന്നതെന്നുള്ള സന്ദേശം ജനങ്ങൾക്കു കൊടുക്കുന്നതുകൊണ്ട് അവരുടെ ആത്മവിശ്വാസം വർദ്ധിക്കുകയല്ലേ ചെയ്യുന്നത്? അങ്ങനെ ചെയ്യുന്നതിന് പകരം അവരെ നിരാശയിലാഴ്ത്തുന്ന രീതിയിലുള്ള നിഷേധാത്മകമായ മറുപടിയിലൂടെ പ്രതിപക്ഷത്തിന്റെ വായടയ്ക്കാൻ ശ്രമിച്ചുകൊണ്ട് കർഷകർ രക്ഷപ്പെടുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ? കർഷകരെ രക്ഷിക്കാൻ ഒന്നും ചെയ്യാതെ പ്രതിപക്ഷത്തിന്റെ വായടയ്ക്കാനുള്ള വിഫലമായ ശ്രമം നടത്തിയതുവഴി ഈ സർക്കാർ ജനങ്ങളോട് നിരുത്തരവാദപരമായാണ് പ്രവർത്തിച്ചത്. അങ്ങനെയൊരു നിലപാട് സ്വീകരിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽനിന്നും പുറത്തുപോയി.)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)